# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>വ്യവസായ വികസനത്തിനായുള്ള എമർജിംഗ് കേരള പദ്ധതി</u>

3830 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''എമർജിംഗ് കേരള'' സംരംഭത്തിലൂടെ സംസ്ഥാനത്തെ വ്യവസായ വികസനത്തിനായുള്ള ഏതെല്ലാം പദ്ധതികളാണു സമർപ്പിക്കപ്പെട്ടത്;

(ബി) ഓരോ പദ്ധതികളുടെയും മുടക്കുമുതൽ എത്രയാണുദ്ദേശിച്ചിട്ടുള്ളത്;

(സി) ഓരോ പദ്ധതിയുടെയും സംരംഭകർ ആരാണ്;

(ഡി) ഓരോ പദ്ധതിയും എവിടെ തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഇ) ഓരോ പദ്ധതിക്കും എന്തെല്ലാം സൗകര്യങ്ങളാണ് നൽകേണ്ടത്;

(എഫ്) ഏതെല്ലാം പദ്ധതികൾക്ക് ഭൂമി വിട്ടു നൽകേണ്ടതായി വരുമെന്നു വിശദമാക്കുമോ;

(ജി) അവയിൽ ഏതിനെല്ലാം സ്ഥലം വിട്ടു നൽകാമെന്നു തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(എച്ച്) ''എമർജിംഗ് കേരള'' യിലൂടെ വന്ന ഏതെല്ലാം പദ്ധതികൾക്ക് ഇതിനോടകം അനുമതി നൽകിക്കഴിഞ്ഞുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>എമര്‍ജിംഗ് കേരള പദ്ധതികള്‍</u>

3831 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവന്‍
" പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എമര്‍ജിംഗ് കേരള സംഗമത്തില്‍ വന്ന വിഷയങ്ങളില്‍ പ്രാരംഭ ചര്‍ച്ചകള്‍ നടത്തി പദ്ധതി പ്രാവര്‍ത്തികമാക്കുന്നത് സംബന്ധിച്ച് ഓരോന്നിനും അന്ന് പ്രഖ്യാപിച്ചിരുന്ന സമയപരിധി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) മുംബൈ, ന്യൂഡല്‍ഹി എന്നിവിടങ്ങളില്‍ നടത്തിയ റോഡ് ഷോയുടെ ഫലമായി സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് എന്തെല്ലാം നേട്ടങ്ങള്‍ ഉണ്ടായി എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്കായി എമർജിംഗ് കേരള സംഗമം</u>

3832 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്കായി എമർജിംഗ് കേരള സംഗമം സംഘടിപ്പിക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലാണ് ഇത് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ്</u>

3833 ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതത് പബ്ലിക്ക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രഫഷണലിസവും ഉറപ്പ് വരുത്താനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ബോർഡിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

### എല്ലാ നിയോജക മണ്ഡലങ്ങളിലും ആധുനിക വ്യവസായ കേന്ദ്രം

3834 ശ്രീ.തോമസ് ഉണ്ണിയാടൻ
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു ആധുനിക വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തദ്ദേശീയ- പ്രവാസി സംരംഭകർക്ക് ഇത്തരം വ്യവസായ കേന്ദ്രങ്ങളിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് അവസരങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>മാലിന്യ സംസ്ക്കരണം വ്യവസായമായി പ്രഖ്യാപിക്കുന്നതിന് നടപടികൾ</u>

3835 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്ക്കരണം വ്യവസായമായി പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്ക് മൊത്തം എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) മാലിന്യ സംസ്ക്കരണം വ്യവസായമായി പ്രഖ്യാപിച്ച് സ്വകാര്യ കമ്പനികളെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതി</u>

3836 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ആർ. സെൽവരാജ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇതു നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത</u>

3837 ശ്രീ. കെ. ശിവദാസൻ നായർ
'' അൻവർ സാദത്ത്
'' ജോസഫ് വാഴക്കൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇവയുടെ പ്രവർത്തനം വിനിയോഗിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപാദനം നടത്തുവാനും അതുവഴി മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംരംഭങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുമോ എന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് ചെറുകിട വ്യവസായങ്ങൾ</u>

3838 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വികസന മേഖലകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എന്തെല്ലാം ഉൽപ്പന്നങ്ങളാണ് ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും കമ്പനികളുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ചയുടെ വിശദാംശം നൽകുമോ?

(ഡി) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കുമോ;

## കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭകത്വവും, പരിശീലനവും</u>

3839 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മടങ്ങിവരുന്ന പ്രവാസികളുടെ വ്യവസായ സംരംഭകത്വ ശേഷി വർദ്ധിപ്പിക്കൽ ലക്ഷ്യം വച്ച് വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രവാസികൾക്ക് ഐ.ടി.പാർക്കുകൾ, കിൻഫ്ര, സിഡ്കോ, വ്യവസായ എസ്റ്റേറ്റുകൾ എന്നിവിടങ്ങളിൽ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ കോർപ്പറേഷൻ ഏറ്റെടുത്ത അട്ടപ്പാടിയിലെ സ്ഥലം</u>

3840

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ബ്ലോക്കിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ കോർപ്പറേഷൻ പാട്ടത്തിൽ ഏത് വർഷം എത്ര സ്ഥലം ഏത് പഞ്ചായത്തിൽ ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) പാട്ടത്തിനെടുക്കപ്പെട്ട സ്ഥലം ആദിവാസി ഭൂമിയാണോയെന്ന് വ്യക്തമാക്കുമോ;

(സി) എന്താവശ്യത്തിനായി ആണ് ഈ ഭൂമി ഏറ്റെടുത്തിട്ടുള്ളതെന്നും ഇപ്പോൾ ഈ ഭൂമി ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കൊല്ലത്തെ നാഷണൽ ടെക്സ്റ്റെയിൽ കോർപ്പറേഷൻ</u>

3841 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടഞ്ഞു കിടക്കുന്ന കൊല്ലത്തെ നാഷണൽ ടെക്സ്റ്റെയിൽ കോർപ്പറേഷന്റെ ഫാക്ടറി തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഫാക്ടറി നിൽക്കുന്ന സ്ഥലം സംസ്ഥാന ഗവൺമെന്റിനു തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

സിഡ്കോയിലെ കരാർ നിയമനങ്ങൾ

3842 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സിഡ്കോയിൽ കരാർ–ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് രേഖാമൂലം വിശദമാക്കാമോ; ഈ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യാണോ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച എത്ര പേർക്ക് ഏതൊക്കെ തസ്തികയിൽ എത്ര രൂപ വീതം ശമ്പളം നിശ്ചയിച്ച് നിയമനം നൽകിയിട്ടുണ്ടെന്നും ഇവരെ നിയമിച്ചതിന്റെ മാനദണ്ഡമെന്താണ് എന്നും ഈ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; ഇല്ലെങ്കിൽ നിയമനങ്ങൾ റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

'സിഡ്കോ'യ്ക്ക് ലഭിച്ച ഫർണിച്ചറിനുള്ള ഓർഡർ

3843 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നേരിട്ട് ഫർണിച്ചർ നൽകുവാൻ കഴിയുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണു വ്യവസായ വകുപ്പിനു കീഴിലുളളത്;

(ബി) ഇതിൽ സിഡ്കോയ്ക്ക് പ്രതിവർഷം ശരാശരി എത്ര തുകയുടെ ഓർഡറുകൾ ലഭിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(സി) 2011-12 ലും 2012-13 ലും എത്ര തുകയുടെ ഓർഡറുകളാണു സിഡ്കോയ്ക്ക് ലഭിച്ചത്;

(ഡി) ഇനിയും തുകയുടെ ഓർഡറുകൾക്കനുസരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനുളള നിർമ്മാണ യൂണിറ്റുകൾ സിഡ്കോയ്ക്ക് സ്വന്തമായിട്ടുണ്ടോയെന്നും എവിടെയാണു പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) 2011-12 ലും 2012-13 ലും സിഡ്കോ എത്ര തുകയുടെ തേക്ക്, ഈട്ടി എന്നിവ കൊണ്ടുളള ഫർണിച്ചറുകളുടെ ഓർഡർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഓർഡറുകൾ പ്രകാരം ഫർണിച്ചറുകൾ നിർമ്മിച്ചു നൽകുകയുണ്ടായോ;

(ജി) ഇതിനാവശ്യമായ തടി എവിടെനിന്നുമാണ് വാങ്ങിയത്;

(എച്ച്) സിഡ്കോ, നിലവാരമുളള ഫർണിച്ചറുകളും മറ്റു സാധനങ്ങളും നൽകുന്നില്ല എന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

(ഐ) എങ്കിൽ ഇതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജെ) സിഡ്കോ നിർമ്മിക്കുന്ന ഫർണിച്ചറുകളുടെയും മറ്റു സാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(കെ) നിലവിൽ സിഡ്കോയിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>വ്യവസായം തുടങ്ങാത്ത ഭൂമി തിരിച്ചെടുക്കാൻ നടപടി</u>

3844 ശ്രീ. സണ്ണി ജോസഫ്
'' ഹൈബി ഈഡൻ
'' റ്റി. എൻ. പ്രതാപൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം തുടങ്ങാത്ത ഭൂമി തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര ഏക്കർ ഭൂമിയാണ് കമ്പനികളിൽ നിന്ന് ഇങ്ങനെ തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>വ്യാവസായികാവശ്യങ്ങൾക്ക് നൽകിയ ഭൂമി</u>

3845

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാവസായികാവശ്യങ്ങൾക്കു വേണ്ടി സർക്കാർ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകിയിരുന്ന ഭൂമിയിൽ പൂർണ്ണമായും വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ;

(ബി) വ്യവസായ സ്ഥാപനങ്ങൾക്കു വേണ്ടി സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരിൽ സർക്കാർ പാട്ടത്തിനും പതിച്ചും വിലയ്ക്കും നൽകിയ ഭൂമികൾ പ്രസ്തുത ആവശ്യത്തിനല്ലാതെയും സർക്കാർ നൽകിയ ഉടമകളുടെ ഉടമസ്ഥതയിലല്ലാതെയും പ്രവർത്തിക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു പറയാമോ; ഇത്തരം കേസുകളിൽ എന്തു നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാമോ;

(സി) വ്യവസായ ആവശ്യങ്ങൾക്കു നൽകിയ ഭൂമികൾ വിലയ്ക്കോ അല്ലാതെയോ കൈമാറ്റം ചെയ്യുന്നതായി തെളിഞ്ഞിട്ടുണ്ടോ; ഈ തരത്തിലുള്ള കൈമാറ്റങ്ങൾ തടയുന്നതിനും ഇത്തരം സ്ഥലം തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു പറയാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>റിയാബിന്റെ പ്രവർത്തനം</u>

3846 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിയാബിന്റെ പ്രവർത്തനം വിലയിരുത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നുവോ;

(ബി) റിയാബിന്റെ പ്രവർത്തനം ഉടച്ച് വാർക്കണമെന്ന്, ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം, ശുപാർശ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിയാബിന്റെ പ്രവർത്തനം അവലോകനം ചെയ്യാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിനുണ്ടോ;

(ഡി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രസ്തുത ശുപാർശ അംഗീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>റിയാബിന്റെ റിപ്പോർട്ട്</u>

3847 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ ഉൽപ്പാദനം നടക്കുന്ന എത്ര കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയുടെ ഓരോന്നിന്റെയും 2006–07 മുതൽ 2012–13 വരെയുള്ള വാർഷിക ടേൺ ഓവർ, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച് റിയാബ് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

**കോട്ടയം ടെക്സ്റ്റയിൽസിൽ എൻജിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോളേജ്**

T3848

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റയിൽസിൽ എൻജിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോളേജ് ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത ഏജൻസിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് എന്ന് ലഭിക്കുമെന്ന് പറയാമോ; പഠനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പഠനം നടത്തുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കട്ടിപ്പാറ വ്യവസായ പാർക്ക്</u>

3849 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ രാരോത്ത് വില്ലേജിൽ കട്ടിപ്പാറയിലെ വ്യവസായ വകുപ്പിന്റെ സ്ഥലം വ്യവസായ പാർക്കാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇത്തരം ആളുകൾക്ക് സ്ഥലം അനുവദിക്കുന്നതിന് മുൻഗണന നൽകുമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ തൊഴിലവസരങ്ങൾ</u>

3850

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ തൊഴിലവസരങ്ങൾ ഫാക്ടറി ഉടമകൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാഷ്യൂ സ്പെഷ്യൽ ആഫീസർ ഫാക്ടറികളിൽ പരിശോധന നടത്തുന്നുണ്ടോ; എങ്കിൽ എത്ര ഫാക്ടറികളിൽ ഇൻസ്പെക്ഷൻ നടപടി സ്വീകരിച്ചു; എത്ര ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിലാളി സംഘടനകൾ സ്വകാര്യ കശുവണ്ടി മേഖലയിൽ നിയമപരമായ അവകാശങ്ങൾക്കുവേണ്ടി സമരം ആരംഭിച്ചിട്ടുള്ളതായറിയുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

**വ്യവസായവകുപ്പിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാർ**

3851 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായവകുപ്പിന്റെ പരിധിയിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാരെ താൽക്കാലിക വേതന അടിസ്ഥാനത്തിൽ നിയമിച്ചുവെന്ന് തസ്തികയും, സ്ഥാപനവും തിരിച്ചു വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>അതിവേഗ റെയിൽപ്പാത</u>

3852 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട അതിവേഗ റെയിൽപ്പാതക്കു വേണ്ടിയുള്ള സർവ്വേ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അതിവേഗ റെയിലിനു വേണ്ടി സ്ഥലം നഷ്ടപ്പെടുന്നവർക്ക് വേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന പുനരധിവാസ പാക്കേജ് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള സൗകര്യം ഉപയോഗിച്ച് അതിവേഗ റെയിൽപ്പാത നിർമ്മിക്കുവാൻ കഴിയുമോ എന്ന കാര്യത്തിൽ എന്തെങ്കിലും സാധ്യതാ പഠനം നടന്നിട്ടുണ്ടോ എന്നും ഇതു സംബന്ധമായി കേന്ദ്ര സർക്കാരുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

## അതിവേഗ ട്രെയിൻ പദ്ധതി

3853 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ ട്രെയിൻ പദ്ധതി ആരംഭിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടി സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുമൂലം എത്ര വീടുകൾ നഷ്ടപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്തു ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഇ) ഈ തുക എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

ബേപ്പൂർ മണ്ഡലത്തിലെ നിർദ്ദേശ് പ്രോജക്ടുകൾ

T-3854

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് നിർദ്ദേശ് പ്രോജക്ടുമായി ബന്ധപ്പെട്ട് പരിസരവാസികളുടെ ക്ഷേമത്തിനായി നിർദ്ദേശിക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ഈ പദ്ധതി അംഗീകരിച്ച് ഭരണാനുമതി നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടനെ അനുമതി നല്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പാലൂർകോട്ട വ്യവസായ കേന്ദ്രം</u>

3855 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള പാലൂർകോട്ട വ്യവസായ കേന്ദ്രം വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശം വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കേരള ഓട്ടോമൊബൈൽസിന്റെ പുതിയ പദ്ധതികൾ</u>

3856 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളാ ഓട്ടോ മൊബൈൽസ് (കെ.എ.എൽ.)ൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര രൂപയാണ് പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കുറ്റ്യാടി നാളികേര പാർക്ക്</u>

3857 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സി. കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നാളികേര പാർക്കിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് എത്ര സംരംഭകർ മുന്നോട്ടു വന്നിട്ടുണ്ടെന്നും അവർ ആരൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) സംരംഭകർക്ക് നാളികേര പാർക്കിൽ പ്ലോട്ടുകൾ അനുവദിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പ്ലോട്ടുകൾ അനുവദിക്കാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>അലോപ്പതി മരുന്നുകമ്പനികൾ</u>

3858 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലോപ്പതി മരുന്ന് ഉല്പാദനവുമായി ബന്ധപ്പെട്ട എത്ര കമ്പനികളാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത കമ്പനികൾ എന്തെല്ലാം മരുന്നുകളാണ് ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്;

(സി) പ്രതിവർഷം ഓരോ വിഭാഗം മരുന്നുകളും എത്ര മാത്രം ഉല്പാദിപ്പിക്കുവാനുള്ള ശേഷി കമ്പനികൾക്കുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടോയെന്നു വ്യക്തമാക്കുമോ;

(ഇ) കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും പ്രതിവർഷം എത്ര മരുന്നുകൾക്കുള്ള ഓർഡർ ലഭിക്കുന്നുണ്ടെന്ന് മരുന്നുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത കമ്പനികൾ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ. ഏറ്റെടുക്കണമെന്ന് ഉത്തരവുകൾ നിലവിലുണ്ടോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി

T-3859 ശ്രീ. എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായാവശ്യത്തിനു വേണ്ടിടത്തോളം കശുവണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ;

(സി) ഇതിനായി കശുമാവ് കൃഷി തോട്ടവിളയായി കണക്കാക്കാനുള്ള നടപടികളായിട്ടുണ്ടോ; കർഷകർക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>കാടാമ്പുഴയിലെ ബാംബൂ കോർപ്പറേഷന്റെ</u>
<u>പ്രോസസിംഗ് യൂണിറ്റ്</u>

3860 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാടാമ്പുഴയിൽ പ്രവർത്തിച്ച് കൊണ്ടിരുന്ന ബാംബൂ കോർപ്പറേഷന്റെ പ്രോസസിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി അസംസ്കൃത വസ്തുവിന്റെ പൂർണ്ണമായ ലഭ്യതയും മെഷിനറികളുടെ കുറ്റമറ്റ പ്രവർത്തനവും ഉറപ്പാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ഈ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കായംകുളം സ്പിന്നിംഗ് മില്ലിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ</u>

3861 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കരീല കുളങ്ങര സ്പിന്നിംഗ് മില്ലിലെ തൊഴിലാളികളേയും ജീവനക്കാരേയും പ്രസ്തുത സ്ഥാപനത്തിലെ ജനറൽ മാനേജർ കള്ളക്കേസിൽ കുടുക്കുകയും, വ്യാജമായ റിപ്പോർട്ടുകൾ ഉണ്ടാക്കി ജോലി ചെയ്യാൻ അനുവദിക്കാത്ത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു എന്നും, മാനേജരുടെ വിദ്യാഭ്യാസ യോഗ്യതയുടെ നിജസ്ഥിതി, വനിതാ ജീവനക്കാരിയുടെ പിതൃതത്തെ ചോദ്യം ചെയ്ത സംഭവങ്ങൾ തുടങ്ങിയ വിഷയത്തെക്കുറിച്ചും നൽകിയിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതി പരിശോധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കൈത്തറി മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

3862

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറിയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ടെന്നുള്ള വിവരം അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര സംഘങ്ങളിൽ പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുമോ; അവ ഏതെല്ലാമെന്നും ഏത് പദ്ധതിയാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

ഹാന്റക്സിലെ നിയമനങ്ങൾ

3863

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സിൽ സെയിൽസ് മാൻ, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുളള പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പത്ത് വർഷത്തിന്മേൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ജിവനക്കാർ ഓരോ തസ്തികയിലും ഓരോ ജില്ലകളിലും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഹാന്റെക്സിലെ നിയമനം എന്നുമുതലാണ് പി.എസ്. സി. യ്ക്ക് വിട്ടിട്ടുളളതെന്നും നിലവിലെ സെയിൽസ്മാൻ തസ്തികയിലേയ്ക്കുളള പി.എസ്. സി. ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) അപ്പെക്സ് സ്ഥാപനങ്ങളിലെ 50% ഒഴിവ് പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുണ്ട് എന്ന വ്യവസ്ഥ ഹാന്റെക്സിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കൈത്തറി മേഖലയുടെ പുനരുദ്ധാരണം</u>

3864 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൈത്തറി മേഖലയിലെ ഇൻകം സപ്പോർട്ട് സ്കീം, 2012 ലെ മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പ്രാദേശിക ബ്രാന്റ് കൈത്തറി ഉല്പന്നങ്ങളുടെ വികസനത്തിന് പദ്ധതി</u>

3865

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ, ആഭ്യന്തര വിപണികളിൽ മത്സരിക്കാൻ പ്രാപ്തിയുള്ള ഗുണമേന്മയുള്ള പ്രാദേശിയ ബ്രാന്റ് കൈത്തറി ഉല്പന്നങ്ങളുടെ വികസനത്തിന് നിലവിൽ എന്തെല്ലാം പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി മേഖലയ്ക്ക് ആവശ്യമായ തരത്തിൽ ഉന്നത നിലവാരത്തിലുള്ള എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടെന്നറിയിക്കുമോ;

(സി) കൈത്തറി വസ്ത്രങ്ങൾ എല്ലാവരും ഉപയോഗിക്കുന്നതിന് വകുപ്പുതലത്തിലെന്തെല്ലാം പുതിയ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(ഡി) പഴയ തലമുറയിലെ പാരമ്പര്യ വിദഗ്ദ്ധ നെയ്ത്ത്കാർക്ക് കൈത്തറി യൂണിറ്റുകൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്നറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് വേണ്ടി ശ്രമമുണ്ടാകുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ഏകീകൃത ഐ.റ്റി. ടൗൺഷിപ്പുകൾ</u>

3866 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ ഐ.ടി അടിസ്ഥാനപ്പെടുത്തിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നതിന് ഏക ജാലക സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>നിയമസഭാ സാമാജികർക്ക് ലഭിച്ചിട്ടുള്ള ഐ. റ്റി. സേവനങ്ങൾ</u>

3867 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നിയമസഭാ സാമാജികർക്കായി നൽകിയിട്ടുള്ള വിവരസാങ്കേതിക സേവനങ്ങൾ ഏവ; ഇതിനായി വകുപ്പ് നൽകിയിട്ടുള്ള വിവര സാങ്കേതിക ഉപകരണങ്ങളെ കുറിച്ച് വിശദമാക്കുമോ;

(ബി) വിവിധ വിവരസാങ്കേതിക ഉപകരണങ്ങൾ വാങ്ങിയതിന്റെ ചെലവ് വിവരം വ്യക്തമാക്കുമോ; ഇത്തരത്തിൽ വാങ്ങിയ ഉപകരണങ്ങൾക്ക് സർവ്വീസ് വാറണ്ടി കിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് വകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഐ.റ്റി വകുപ്പ് നിയമസഭാ സാമാജികർക്ക് ഐ.റ്റി. ട്രെയ്നിംഗ് നൽകിയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

ഐ.ടി. മിഷനിലൂടെ നടപ്പാക്കുന്ന പദ്ധതികൾ

3868 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ഐ.ടി മിഷനിലൂടെ നൽകിയിരുന്ന ഏതെല്ലാം സേവനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിറുത്തലാക്കി; ഏതെല്ലാം തുടരുന്നു; പുതുതായി എന്ത് നടപടികൾ അധികമായി ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2012–13 സാമ്പത്തിക വർഷം ഐ.ടി മിഷനിലൂടെ നടപ്പാക്കിയ പദ്ധതികൾക്കായി എന്തു തുക അനുവദിച്ചു; ആയതിൽ എന്ത് തുക ചെലവഴിച്ചു;

(സി) 2013–14–ൽ ഇതിന് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ഡി) 2012–13–ൽ ഇതിനായി കേന്ദ്രം എത്ര തുക അനുവദിച്ചു; എത്ര ചെലവഴിച്ചു; എത്ര ലാപ്സാക്കി; വ്യക്തമാക്കുമോ;

(ഇ) വനിതാ കോളേജിലെ വിദ്യാർത്ഥിനികൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാസമ്പന്നർ എന്നിവർക്ക് തൊഴിലുറപ്പാക്കാനുള്ള കമ്പ്യൂട്ടർ പരിശീലന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് നിറുത്തലാക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ഇന്റർനെറ്റിലൂടെ വിപണനം ചെയ്യാനായി ആരംഭിച്ച ഇ–കൃഷി സംവിധാനം നിറുത്തലാക്കിയോ; വിശദമാക്കുമോ;

(ജി) കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ച ഇ–കൃഷി പദ്ധതിക്ക് എത്ര ദേശീയ അംഗീകാരം ലഭിക്കുകയുണ്ടായി; വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

(എച്ച്) ഗ്രാമീണ അടിസ്ഥാന വിവരങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാക്കാനുള്ള 'എന്റെ ഗ്രാമം' പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഐ.ടി മിഷൻ എപ്രകാരം നടപ്പാക്കി വരുന്നു; വിശദമാക്കാമോ;

(ഐ) 'സ്പാർക്ക്' പദ്ധതി നടത്തിപ്പ് സ്വതന്ത്രമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

ഐ. ടി. പരിശീലന കേന്ദ്രങ്ങൾ

3869 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതിയായ ഐ.ടി.പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഐ. ടി. വിദഗ്ദ്ധർക്കായി പ്രത്യേക പരിശീലന പരിപാടി തീരുമാനിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ പ്രത്യേക പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കാസർകോട് ജില്ലയിലെ ചീമേനിയിൽ ഐ.ടി.പാർക്ക്</u>

3870 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ചീമേനിയിൽ ഐ.ടി.പാർക്ക് നിർമ്മിക്കുന്നതിന് സ്ഥലം കൈമാറിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് സ്ഥലം കൈമാറിയത്; എത്ര ഏക്കർ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പുറക്കാട് ഐ.ടി. പാർക്ക്</u>

3871 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ പുറക്കാട് കേന്ദ്രമാക്കി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഐ.ടി. പാർക്ക് തോട്ടപ്പള്ളിയിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത ഐ.ടി. പാർക്ക് യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്ക് നിർമ്മാണം</u>

3872 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്ക് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ച ശേഷം എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിക്കുവാൻ ഉദ്ദേശിച്ചതെന്നും, എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ ആരംഭിച്ചതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കളമശ്ശേരി 'സൈബർ സിറ്റി' പദ്ധതി</u>

3873 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി 'സൈബർ സിറ്റി' പദ്ധതിക്ക് സെസ്സ് പദവി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(ഡി) സൈബർ സിറ്റിക്കായി വിലക്കെടുത്ത ഭൂമി വില്പന നടത്താനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിൽ വൈദ്യുതി സബ്സ്റ്റേഷൻ</u>

3874 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിൽ വൈദ്യുതി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് വിവരസാങ്കേതിക വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

ഓപ്റ്റിക്കൽ കണക്ടിവിറ്റി സംവിധാനം □

3875 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യാവകുപ്പിന്റെ കീഴിൽ എല്ലാ ഗ്രാമപഞ്ചായത്തുകളെയും നെറ്റ് വർക്ക് വഴി ബന്ധിപ്പിക്കുന്ന ഒപ്റ്റിക്കൽ കണക്ടിവിറ്റി സംവിധാനം എന്ന് നിലവിൽ വരും ;

(ബി) ഈ സംവിധാനത്തിന്റെ കീഴിൽ എത്ര വകുപ്പുകളുടെ സേവനമാണ് പൊതു ജനങ്ങൾക്ക് ലഭ്യമാവുക;

(സി) ആധാർ കാർഡിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തുന്നതിന് പ്രാദേശിക തലത്തിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന എൻറോൾമെന്റ് ആന്റ് അപ്ഡേഷൻ സെന്റർ പ്രസ്തുത സംവിധാനത്തിന്റെ കീഴിലാണോ പ്രവർത്തിക്കുക; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ</u>

T-3876 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചതെന്നാണെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പൊതുജന സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിലൂടെ സ്വകാര്യവൽക്കരിക്കപ്പെടുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സാധാരണക്കാർക്ക് താങ്ങാനാവും വിധം ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അക്ഷയ കേന്ദ്രങ്ങൾ നിലവിൽവന്ന ശേഷവും വില്ലേജാഫീസുകളിലും മറ്റും സാധാരണക്കാരന് നേരിട്ടെത്തി അപേക്ഷ നൽകുന്ന പഴയ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ, ആയത് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

3877 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പുതുതായി അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത</u>

3878 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വില്ലേജ് ഓഫീസുകളിൽ നിന്നുള്ള വിവിധ സാക്ഷ്യപത്രങ്ങൾ, ആധാർ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ അക്ഷയകേന്ദ്രങ്ങളിൽ നിർവ്വഹിക്കേണ്ട സാഹചര്യത്തിൽ, പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ പുതിയ അക്ഷയ കേന്ദ്രങ്ങൾ</u>

3879

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ട യോഗ്യതയും, മാനദണ്ഡങ്ങളും എന്തൊക്കെയാണ്;

(സി) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതയുമായി ബന്ധപ്പെട്ട് അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചവർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പുതിയ സെന്റർ അനുവദിക്കുമ്പോൾ അവർക്ക് മുൻഗണന കൊടുക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>ആധാർ കാർഡും നാഷണൽ പോപ്പുലേഷൻ രജിസ്റ്ററും</u>

T-3880 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ പോപ്പുലേഷൻ രജിസ്റ്ററിൽ എല്ലാ കുടുംബാംഗങ്ങളെയും ചേർക്കുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യമത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) ആധാർ കാർഡും നാഷണൽ പോപ്പുലേഷൻ രജിസ്റ്ററും ഒരേ സമയം ഓരോ പൗരനും ആവശ്യമുള്ളതാണോ;

(ഡി) ഇതു സംബന്ധിച്ചുള്ള ആശയ കുഴപ്പങ്ങൾ ദൂരീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ദേശീയ ജനസംഖ്യാ രജിസ്റ്ററിൽ ഏറ്റവും എളുപ്പത്തിൽ പേരു ചേർക്കുവാനുള്ള സംവിധാനങ്ങൾ വ്യക്തമാക്കാമോ;

എഫ്) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>എൻ. പി. ആർ, ആധാർ കണക്കെടുപ്പുകൾ</u>

T-3881 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ, ആധാർ എന്നീ കണക്കെടുപ്പുകൾ സംസ്ഥാനത്ത് പൂർത്തിയായിട്ടുണ്ടോ;

(ബി) അവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഓരോ വ്യക്തിയും ആധാർ, എൻ. പി. ആർ രജിസ്ട്രേഷനുകൾ നടത്തേണ്ടതുണ്ടോ;

(ഡി) ഇതുവഴി നൽകുന്ന തിരിച്ചറിയൽരേഖ സംസ്ഥാനത്ത് ഔദ്യോഗികമായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(ഇ) പ്രസ്തുത കാർഡുകളിലെ തെറ്റുകൾ തിരുത്തുവാനുള്ള നടപടികൾ വിശദീകരിക്കാമോ ?

## കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ആധാർ കാർഡ് വിതരണം</u>

**T-3882 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡ് വിതരണം ഏതെല്ലാം ജില്ലകളിൽ പൂർത്തിയായി എന്നും ഓരോ ജില്ലയിലും എത്ര കാർഡുകൾ വിതരണം ചെയ്തു എന്നും വെളിപ്പെടുത്തുമോ;

(ബി) ആധാർ കാർഡിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കൊച്ചിയിലെ ഇലക്ട്രോണിക്സ് ഹബ്ബ് പദ്ധതി</u>

3883 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ഇലക്ട്രോണിക്സ് ഹബ്ബ് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത് എന്ന് പ്രവർത്തനസജ്ജമാകുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ വ്യവസായ പാർക്ക്</u>

3884 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ കീഴിൽ പാലക്കാട് ജില്ലയിൽ എത്ര വ്യവസായ പാർക്കുകളാണ് നിലവിൽ ഉള്ളത്; ഓരോന്നും സ്ഥിതി ചെയ്യുന്ന സ്ഥലവും നിലവിലുള്ള വ്യവസായങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ; എത്ര വ്യവസായങ്ങൾ അടഞ്ഞുകിടപ്പുണ്ട്;

(ബി) ജില്ലയിൽ പുതുതായി ആരംഭിക്കാൻ പോകുന്ന വ്യവസായ പാർക്കുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവിടെ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഓരോ പാർക്കിലും എത്ര വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും;

(സി) ജില്ലയിൽ തൊഴിൽ രംഗത്തും വ്യവസായ രംഗത്തും പിന്നോക്കം നിൽക്കുന്ന തരൂർ മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ കിൻഫ്രാ പാർക്ക്</u>

3885 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കുകയുണ്ടായി;

(ബി) ഇതിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി;

(സി) ഇൻഡസ്ട്രിയൽ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ എത്ര തുകയുടെ ഇളവാണ് കിൻഫ്രക്ക് അനുവദിച്ചു നൽകിയത്;

(ഡി) ഇൻഡസ്ട്രിയൽ പാർക്കിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്;

(ഇ) മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞാൽ തുടർനടപടികൾ പൂർത്തീകരിച്ച് ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**25.06.2013–ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിൽ കിൻഫ്രയ്ക്ക് നൽകിയ സ്ഥലം</u>

3886 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ കെ.എസ്.ടി.സി.യുടെ അധീനതയിലുള്ള എത്ര ഏക്കർ സ്ഥലമാണ് കിൻഫ്രക്ക് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ സ്ഥലം കിൻഫ്രയ്ക്ക് എന്നാണ് നൽകിയതെന്നും നൽകുമ്പോഴുള്ള വ്യവസ്ഥകൾ എന്താണെന്നും വിശദമാക്കാമോ;

(സി) സ്ഥലം ലഭ്യമായതിനുശേഷം കിൻഫ്ര പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി എന്ത് വ്യവസായമാണ് കൊണ്ടു വന്നിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ടാറ്റാ കണ്‍സള്‍ട്ടന്‍സിക്ക് അനുവദിച്ച് നല്‍കിയ ഭൂമി</u>

3887 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടെക്നോസിറ്റിക്കുവേണ്ടി അക്വയര്‍ ചെയ്ത ഭൂമിയില്‍ നിന്നും ടാറ്റാ കണ്‍സള്‍ട്ടന്‍സിക്ക് എത്ര ഏക്കര്‍ ഭൂമി അനുവദിച്ചു നല്‍കിയിട്ടുണ്ട്;

(ബി) എന്നാണ് ടാറ്റാ കണ്‍സള്‍ട്ടന്‍സിക്ക് ഭൂമി അനുവദിച്ചു നല്‍കിയത് എന്നും എന്ത് വ്യവസ്ഥ പ്രകാരമാണ് നല്‍കിയതെന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ച ഭൂമിയില്‍ ഏതെങ്കിലും നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ;

(ഡി) സ്ഥാപനം തുടങ്ങിയിട്ടില്ലെങ്കില്‍ അത്തരം സ്ഥാപനങ്ങള്‍ക്ക് അനുവദിച്ച ഭൂമി സമയപരിധി കഴിഞ്ഞാല്‍ സര്‍ക്കാര്‍ ഏറ്റെടുക്കുമോ എന്ന കാര്യം വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പള്ളിപ്പുറം ടെക്നോസിറ്റി</u>

3888 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് ടെക്നോസിറ്റിക്കു വേണ്ടി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏതെങ്കിലും സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) എന്ത് വ്യവസ്ഥകളിന്മേലാണ് ഭൂമി അനുവദിച്ചു നൽകിയത്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>ഐ. സി. ഫോർ ഫോസിന്റെ പ്രവർത്തനങ്ങൾ</u>

3889 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനു കീഴിലുള്ള ഐ. സി. ഫോർ ഫോസിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്ഥാപനം വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറുകൾ ഏതെല്ലാം;

(സി) പ്രസ്തുത സോഫ്റ്റ് വെയർ ഏതെല്ലാം സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്;

(ഇ) താൽക്കാലികമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

ഐ. ടി. മേഖലയിലെ ജീവനക്കാർക്ക് ക്ഷേമ പദ്ധതി

T-3890 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. മേഖലയിലെ ജീവനക്കാർക്ക് പ്രത്യേക ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഐ.ടി മേഖലയിലെ ജീവനക്കാരുടെ ജോലി സമയം, അവധി, തൊഴിൽ തർക്ക നിവാരണത്തിനുള്ള സംവിധാനം എന്നിവയ്ക്ക് നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2013 ജൂൺ 16.

പി. ഡി. ശാരംഗധരൻ
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]